സാഹിബ് ബഹളൂർ കെ. എ. മുഹമ്മദ്: പുകയിലയെ സംബന്ധിച്ചിടത്തോളം നാലണപീതമുള്ള നികുതി ഈടാക്കുന്നതിനു് എക്സൈസ്സ് ഡിപ്പാർട്ടുമെൻറുകാർ സെയിൽസ്ടാക്സ് ഡിപ്പാർട്ടുമെൻറുകാരെ സഹായിക്കുന്നില്ലെന്നു് പറയുന്നതു് ശരിയാണോ?

Mr. Speaker: That is a new point not within the scope of the original question or the answers already given.

Sri. D. Gnanasigamoni: Have the Government received any representation from the public to do away with this Act?

Sri. A. J. John: No.

ശ്രീ. എം. ഐ. പോൾ: പിശകായി ഈടാക്കിയിട്ടുണ്ടോ എന്നു് ഗവർമ്മെണ്ടു പരിശോധിച്ചതിനുശേഷം അങ്ങിനെ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അതു തിരിച്ചുകൊടുക്കുവാൻ ഗവമ്മെണ്ടു ഏർപ്പാടുചെയ്യുമോ?

Mr. Speaker: That is a hypothetical question which is therefore disallowed.

മുൻസിഫന്മാർ

*൪൪൦. (൪) ശ്രീ. വി. കെ. വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മുൻസിഫ് സ്ഥാനത്തേക്കു് എത്രപേരെ ഫുൾ ടൈം പബ്ലിക്ക് സർവ്വീസു് കമ്മീഷൻ തിരഞ്ഞെടുത്തു;

(ബി) അതിൽ എത്രപേർക്കു് ഉദ്യോഗം കൊടുത്തു;

(സി) എന്തു കാരണത്തെ അടിസ്ഥാനമാക്കിയാണു് തിരഞ്ഞെടുത്തവരുടെ സംഖ്യ ക്ലിപ്തപ്പെടുത്തിയതു്;

(ഡി) തിരഞ്ഞെടുക്കപ്പെട്ടവരിൽ ആർക്കെങ്കിലും ഉദ്യോഗം ലഭിക്കുന്നതിനുമുൻപു് ൩൫ വയസ്സു പൂർത്തിയായാൽ നിയമനം ലഭിക്കുന്നതിനുള്ള അവരുടെ അവകാശം നഷ്ടപ്പെടുമോ;

(ഇ) തിരഞ്ഞെടുക്കപ്പെട്ടവർക്കു് നിയമനത്തിനുള്ള അവകാശത്തിനു് എന്തെങ്കിലും കാലക്ലിപ്തത ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൧൨.

(ബി) ൯.

(സി) പലപ്പോഴുമായി ആ സ്ഥാനത്തേക്കുള്ള ഒഴിവുകളിൽ നിയമിക്കുന്നതിനുവേണ്ടിയാണു് ൧൨ പേരെ തെരഞ്ഞെടുത്തിട്ടുള്ളതു്.

(ഡി) ഇല്ല.

(ഇ) ഇല്ല.

ശ്രീ. എ. താണുപിള്ള: എപ്പോഴാണു് ഈ ൧൨ പേരെ തെരഞ്ഞെടുത്തതു് എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഏകദേശം രണ്ടുമാസം മുമ്പാണു്.

ശ്രീ. എ. താണുപിള്ള: തെരഞ്ഞെടുത്തകാലത്തു് ആ തീയതിമുതൽ ഒരു കൊല്ലത്തിനകം എത്ര ഒഴിവുകൾ വരുമെന്നാണു് ഉദ്ദേശിച്ചിരുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതിൻറെ കണക്കുകൾ ഇപ്പോൾ എൻറെ കൈവശം ഇല്ല.

ശ്രീ. എ. താണുപിള്ള: ഉദ്ദേശമായിട്ടെങ്കിലും പറയാൻ സാധിക്കയില്ലേ?

ശ്രീ. എ. ജെ. ജോൺ: ഒരു നാലോ അഞ്ചോ ഒഴിവുകൾ വരുമെന്നാണു് ഉദ്ദേശിച്ചിരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : നാലോ അഞ്ചോ ഒഴിവുകളേ ഉണ്ടാവുകയുള്ളൂ എന്നിരിക്കേ ഫൈവ് പേരെ തെരഞ്ഞെടുക്കാനുണ്ടായ കാരണം എന്താണ് ?

ശ്രീ. എ. ജെ. ജോൺ : ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ചാണ് ഫൈവ് പേരെ തെരഞ്ഞെടുത്തത്.

ശ്രീ. എ. താണുപിള്ള : ഫൈവ് പേരെതന്നെ തെരഞ്ഞെടുക്കണമെന്നുള്ളതിനു് ഹൈക്കോടതി എന്തു കാരണമാണു് പറഞ്ഞിട്ടുള്ളതു് ? അതിനെന്തെങ്കിലും കാരണം ഹൈക്കോടതി പറഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : കാരണം പറഞ്ഞിട്ടുണ്ടായിരിക്കും. അതു് ഫയൽ നോക്കാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. എ. താണുപിള്ള : ഈ ഫൈവ് പേർക്കും ജോലി കൊടുക്കേണ്ടതു് ഇത്ര കാലത്തിനകത്തു വേണമെന്നു പറഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ജോലി കൊടുക്കുന്നതു ഒഴിവുകൾ വരുന്നതിനെ അനുസരിച്ചായിരിക്കും.

ശ്രീ. എ. താണുപിള്ള : ഈ ഫൈവ് പേർക്കും ഉദ്യോഗം കൊടുക്കുന്നതിനുമുമ്പു മറ്റാരെയെങ്കിലും ഗവൺമെണ്ടു് നിയമിക്കുമോ ?

ശ്രീ. എ. ജെ. ജോൺ : ഗവൺമെണ്ടല്ല നിയമിക്കുന്നതു്. രാജപ്രമുഖന്റെ അനുവാദത്തോടുകൂടി ഹൈക്കോടതിയുടെ ശുപാർശ പ്രകാരം പബ്ലിക്കു് സർവ്വീസു് കമ്മീഷനാണു് ആളുകളെ തെരഞ്ഞെടുക്കുന്നതു്. രാജപ്രമുഖനാണു് നിയമനങ്ങൾ നടത്തുന്നതു്.

ശ്രീ. എ. താണുപിള്ള : നിയമനാധികാരി ആരായിരുന്നാലും ഈ ഫൈവ് പേരെ നിയമിക്കുന്നതിനുമുമ്പു മറ്റാരെയെങ്കിലും നിയമിക്കുമോ എന്നാണു് എനിക്കറിയേണ്ടതു് ?

ശ്രീ. എ. ജെ. ജോൺ : ഈ ഫൈവ് പേരേയും നിയമിക്കുന്നതിനുമുമ്പു മറ്റാരേയും നിയമിക്കരുതെന്നാണു് ഉദ്ദേശം.

ശ്രീ. എ. താണുപിള്ള : ഈ ഫൈവ് പേർക്കു് നിയമനം കിട്ടുന്നതിനു എത്ര കാലം വേണ്ടിവരുമെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : അതു് ഒഴിവുകൾ ഉണ്ടാകുന്നതിനെ ആശ്രയിച്ചിരിക്കുന്നതു്.

ശ്രീ. സി. വി. ഐയ്യ : ഹൈക്കോടതി ജഡ്ജിമാരിൽ ആരുടെയെങ്കിലും സാന്നിദ്ധ്യത്തിലാണോ ഈ തെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : ജഡ്ജി മി. ശങ്കരൻകൂടി ഉണ്ടായിരുന്നു.

ചീഫ് സെക്രട്ടറിയുടെ നിയമനം

*൪൪ ഫ. (൭) ശ്രീ. വി. കെ. വർഗ്ഗീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ചീഫ് സെക്രട്ടറിയുടെ നിയമനത്തിൽ ഇൻഡ്യാ ഗവൺമെണ്ടിനു് എന്തെങ്കിലും അധികാരമൊ നിയന്ത്രണമൊ ഉണ്ടോ;

(ബി) ചീഫ് സെക്രട്ടറിക്കു ഇപ്പോൾ രണ്ടുവർഷം കാലാവധി നിട്ടിക്കൊടുത്തിട്ടുണ്ടോ;

(സി) അതു് ആരുടെ ആവശ്യപ്രകാരമാണു്;

(ഡി) ചീഫ് സെക്രട്ടറിക്കു ഫൈ ൫–ൽ സഞ്ചാരപ്പടിയായി എത്ര രൂപാ ഗവൺമെണ്ടിനു് ചെലവായി ?

LIBRARY ARCHIVES Kerala Legislative Assembly